**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5103** **04-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ ബോധവൽക്കരണ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം വ്യാപിക്കുന്നത് തടയാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ബോധവൽക്കരണ പരിപാടികൾ വ്യക്തമാക്കുമോ? | (എ) | ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി 2024-25 അധ്യയന വർഷം ആന്റി ഡ്രഗ് പാർലമെന്റ് , സംവാദ സദസ്, ലഹരി വിരുദ്ധ സെമിനാർ,<br><br>ക്ലാസ് സഭ എന്നിവ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ തലത്തിൽ രൂപീകരിച്ച ജാഗ്രത സമിതി, ജാഗ്രത ബ്രിഗേഡുകൾ, ജാഗ്രത കോ-ഓർഡിനേറ്റർമാർ എന്നിവരുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കും. കൗൺസിലിംഗ് സേവനങ്ങൾ സുഗമമാക്കുന്നതിന് എക്സൈസ് വകുപ്പും വനിത ശിശു വികസന വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. രക്ഷാകർത്തൃ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകാൻ തിരുമാനിച്ചിട്ടുണ്ട്. കുട്ടികളുടെ ശ്രദ്ധയെ കൂടുതൽ ഉൽപ്പാദനക്ഷമവും ഫലപ്രദവുമായ രീതിയിൽ കൊണ്ടുവരുന്നതിന് വൈവിധ്യ മാർന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ നടപ്പിലാക്കും. കൂടാതെ, എക്സൈസ്, വിമുക്തി മിഷൻ, പോലീസ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, വനിത ശിശു വികസന വകപ്പ്, സാമൂഹ്യ നീതി വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസം എന്നിവയുമായി ചേർന്ന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കിയിട്ടുള്ളതും ആയത് പ്രകാരം അദ്ധ്യാപകർക്ക് പരിശീലനം നൽകി യിട്ടുള്ളതുമാണ്. ഈ വർഷത്തെ ലഹരി വിരുദ്ധ ക്യാമ്പയിൻ നടത്തിപ്പിനായി 1 കോടി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഹയർ സെക്കന്ററി വിഭാഗത്തിൽ സ്കൂളുകളിലെ ലഹരി ഉപയോഗം തടയുന്നതിന് കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസിലിന്റെയും, എസ് പി സി,എൻ എസ് എസ്, സ്കൗട്ട് ആൻഡ് ഗൈഡ്സ് തുടങ്ങിയ അനുബന്ധ ഏജൻസികളുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളിലൂടെ ലഹരി വിരുദ്ധ പ്രചാരണവും, ബോധവൽക്കരണവും നടത്തുന്നുണ്ട്. സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ സർക്കാർ നിർദ്ദേശിച്ച മാതൃകയിൽ ലഹരി വിരുദ്ധ ക്യാമ്പയിനുകളും, പ്രോഗ്രാമുകളും നടന്നു വരുന്നു.<br><br>വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ലഹരി ഉപയോഗത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ചും ലഹരി വ്യാപനം തടയുന്നതിനും വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ തനത് പരിപാടികളുംഎക്സൈസ് വകുപ്പ്, പോലീസ് വകുപ്പ് എന്നിവരുടെ സഹകരണത്തോടെ കൂട്ടായും കരിയർ ഗൈഡൻസ് ആന്റ് കാൺസിലിംഗ് സെൽ, നാഷണൽ സർവ്വീസ് സ്കീം (NSS) പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി<br><br>Yellow line campaign, Habit state, Health &Arena, ജാഗ്രതാ മതിൽ, ഫ്ലാഷ് മോബുകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ